**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **08-08-2023 - ൽ മറുപടിയ്ക്ക്**

**ബിരിക്കുളത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ ബിരിക്കുളത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കിനാനൂർ വില്ലേജിൽ റീ-സർവ്വേ നം.495/3 (ചായ്യോം), പരപ്പ വില്ലേജിൽ റീ-സർവ്വേ നം.155 പാർട്ട് -ൽ (ബിരിക്കുളം) എന്നീ സ്ഥലങ്ങളിൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് പരിശോധന നടത്തിയിരുന്നെങ്കിലും പുതിയതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സർക്കാർ തീരുമാനിച്ച ഇടങ്ങളിൽ സ്ഥലം കണ്ടെത്തി നടപടി സ്വീകരിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതിനാൽ ഇക്കാര്യത്തിൽ നിലവിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രസ്തുത താലൂക്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പരിശോധന നടത്തിയതെന്ന് വിശദമാക്കാമോ; | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ആയത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) | കണ്ണൂർ റീജിയണൽ ഫയർ ആഫീസർ വകുപ്പ് മേധാവിയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ
നമ്പർ.ഡി-3183/2020

റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്,കണ്ണൂർ.
ഫോൺ: 04972 706101. പിൻ 670017
E mail-rfoknr.frs@kerala.gov.in
തീയതി : .18.11.2020.

പ്രേഷകൻ
റീജിയണൽ ഫയർ ഓഫീസർ
കണ്ണൂർ.

സ്വീകർത്താവ്
ഡയറക്ടർ ജനറൽ
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
തിരുവനന്തപുരം.

സർ,

വിഷയം:-റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം, കണ്ണൂർ- വെള്ളരിക്കുണ്ട് താലൂക്കിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത്- സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 16.09.2020 ലെ കത്ത് നം.എഫ്1-5943/16.
2.ജില്ലാ ഫയർ ഓഫീസർ കാസറഗോഡിന്റെ 03.11.2020-ലെ കത്ത് നം.ഡി-3985/20.
3.വെള്ളരിക്കുണ്ട് താഹസിൽദാരുടെ 03.11.2020-ലെ കത്ത് നം.ജെ4-11287/20
4.വെള്ളരിക്കുണ്ട് താഹസിൽദാരുടെ 04.10.2016-ലെ കത്ത് നം.ജെ4-8753/16

----------

മേൽ സൂചന (1)-ലെ കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കിനാനൂർ വില്ലേജ് റീ സർവ്വേ നം 495/3-ൽ കണ്ടെത്തിയ 90 സെന്റ് സ്ഥലം നിലവിലും ലഭ്യമാണെന്ന് വെള്ളരിക്കുണ്ട് താഹസിൽദാർ അറിയിച്ചതായി കാസറഗോഡ് ജില്ലാ ഫയർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സൂചന (1)-ൽ ആവശ്യപ്പെട്ടതിൻ പ്രകാരം ബോധിപ്പിക്കുന്നു. എന്നാൽ അഗ്നിരക്ഷാസേനയുടെ സേവനം വെള്ളരിക്കുണ്ട് താലൂക്കിലെ മുഴുവൻ പ്രദേശങ്ങളിലും ലഭിക്കണമെങ്കിൽ താലൂക്കിന്റെ ഏകദേശം മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന കിനാന്നൂർ-കരിന്തളം പഞ്ചായത്തിലെ പരപ്പ വില്ലേജ് റീ. സർവ്വേ നം 155/പാർട്ട്-ൽ ഉൾപ്പെട്ട ബിരിക്കുളം എന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതായിരിക്കും കൂടുതൽ അനുയോജ്യമെന്നും ടി സ്ഥലത്ത് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഈ വകുപ്പിന് അനുവദിച്ചുതരാമെന്നും വെള്ളരിക്കുണ്ട് താഹസിൽദാർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. ഇതു സംബന്ധിച്ച് വെള്ളരിക്കുണ്ട് താഹ്സിൽദാരിൽ നിന്നും സൂചന (3) (4) പ്രകാരം ലഭിച്ച കത്തുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

കിനാനൂർ വില്ലേജിൽ നേരത്തെ കണ്ടെത്തിയ സ്ഥലം കാഞ്ഞങ്ങാട് നിലയ

ത്തിൽ നിന്നും 13 കി.മീ ദൂരത്തിൽ സ്ഥിതി ചെയ്യുന്നതും പ്രസ്തുത സ്ഥലത്ത് നിന്നും മലയോര മേഖലയായ വെള്ളരിക്കുണ്ട് താലൂക്കിലെ വിവിധ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിന് 25 കി.മീറ്ററിലധികം ദൂരം സഞ്ചരിക്കേണ്ടതായി വരുമെന്നും കാണുന്നു. ബിരിക്കുളം എന്ന സ്ഥലം താലൂക്ക് ആസ്ഥാനത്തു നിന്നും 7 കി. മീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ടി സ്ഥലം സമീപ സ്റ്റേഷനുകളായ കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, പെരിങ്ങോം, കുറ്റിക്കോൽ നിലയങ്ങളിൽ നിന്നും 30 കി. മീറ്റർ ദൂരത്താണ്. ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുകയാണെങ്കിൽ 6 പഞ്ചായത്തുകൾ ടേൺ ഔട്ട് ഏരിയയിൽ ഉണ്ടാകുന്നതാണ്. കാഞ്ഞങ്ങാട് നിലയ പരിധിയിലെ കോടോം-ബേളൂർ, കിനാന്നൂർ-കരിന്തളം, ബളാൽ പഞ്ചായത്തുകളും തൃക്കരിപ്പൂർ നിലയ പരിധിയിലെ കയ്യൂർ-ചീമേനി, പെരിങ്ങോം നിലയ പരിധിയിലെ വെസ്റ്റ് എളേരി, കുറ്റിക്കോൽ നിലയ പരിധിയിലെ കള്ളാർ എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് ടേൺ ഔട്ട് ഏരിയ.

ബിരിക്കുളം പാറ പ്രദേശങ്ങൾ ഉൾപ്പെട്ടതാണെങ്കിലും ജല ലഭ്യതയുള്ള സ്ഥലം ചേർത്ത് ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം അനുവദിക്കാമെന്ന് വെള്ളരിക്കുണ്ട് താഹസിൽദാർ ഉറപ്പു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനടുത്ത് ഒരു പൊതു കുളവും 2 കിണറുകളും ഉണ്ട്. കൂടാതെ 1 കിലോമീറ്റർ ചുറ്റളവിൽ 2 ചെക്ക് ഡാമുകളുമുണ്ട്.

ടി സ്ഥലം ഞാൻ നേരിൽ ചെന്ന് പരിശോധിച്ചിട്ടുള്ളതും സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കാണപ്പെട്ടിട്ടുള്ളതുമാണെന്ന വിവരം ബോധിപ്പിക്കുന്നു. താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിൽ സർക്കാർ വക ഭൂമി ലഭ്യമല്ലാത്തതിനാൽ നേരത്തെ കിനാന്നൂർ വില്ലേജിൽ കണ്ടെത്തിയ സ്ഥലത്തേക്കാളും താലൂക്കിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പരപ്പ വില്ലേജ് റീ. സർവ്വേ നം 155/പാർട്ട്-ൽ ഉൾപ്പെട്ട ബിരിക്കുളം എന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതായിരിക്കും കൂടുതൽ ഉചിതം എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ആകയാൽ വെള്ളരിക്കുണ്ടിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പരപ്പ വില്ലേജിൽ റീ. സർവ്വേ നം 155/പാർട്ട്-ൽ ഉൾപ്പെട്ട ബിരിക്കുളം എന്ന സ്ഥലത്തുള്ള ഭൂമി കൈമാറി ലഭിക്കുന്നതിനായി ബഹു. കാസർഗോഡ് ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി സൂചന (3) പ്രകാരം അയച്ചുതന്ന റിക്വിസിഷൻ ഫാറം ഇതോടൊപ്പം സമർപ്പിക്കുന്നു. ആയതിൽ അങ്ങയുടെ ഒപ്പും സീലും രേഖപ്പെടുത്തി തിരികെ അയച്ചുതരുന്നതിനും കൂടാതെ വെള്ളരിക്കുണ്ട് അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനുള്ള ഭരണാനുമതിക്കായും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

O/C

22/11/20

റീജിയണൽ ഫയർ ഓഫീസർ
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
കണ്ണൂർ

പകർപ്പ്:
ജില്ലാ ഫയർ ഓഫീസർ,
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്,
കാസറഗോഡ്